**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3571** **27-06-2024 - ൽ മറുപടിയ്ക്ക്**

**പച്ചക്കറികളുടെ വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ ഓണക്കാലത്ത് പച്ചക്കറികൾക്കുണ്ടാകുന്ന വിലവർദ്ധനവ് നിയന്ത്രിക്കാൻ സ്വീകരിച്ചിരിക്കുന്ന മുൻകരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | 2024 ഓണക്കാലത്ത് പഴം-പച്ചക്കറികൾ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുമായി സഹകരിച്ച് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണിയിലെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുന്നതും പൊതുവിപണിയിലെ വിൽപ്പന വിലയെക്കാൾ 30%വരെ കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതുമാണ്.<br><br>ഓണക്കാലത്ത് വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി ഹോർട്ടികോർപ്പ് കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്ക്തല ഫാർമർ ക്ലസ്റ്ററുകൾ, കൃഷിക്കൂട്ടങ്ങൾ, F.P.O.കൾ F.P.C കൾ, മറ്റ് കർഷകകൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷി രീതികൾ ( Good Agricultural Practices - GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണിയിലെ വിലയേക്കാൾ അധിക വില നൽകി സംഭരിക്കുന്ന നടപടി തുടരുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.<br>കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും, തമിഴ്നാട്ടിലെ പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിൽ നിന്ന് ലേലം വഴിയും, തമിഴ്നാട് കാർഷിക വിപണന വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ |

| | | | |
|---|---|---|---|
| | | | ഓർഗനൈസേഷൻ വഴിയും ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്.<br><br>കൂടാതെ പഴം-പച്ചക്കറികൾക്ക് ഓണക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള വിലവർദ്ധനവ് ജനങ്ങളെ നേരിട്ട് ബാധിക്കാതിരിക്കുന്നതിനായി ചില്ലറ വിൽപ്പനക്കായി, വി.എഫ്.പി.സി.കെ. യുടെ കീഴിൽ, 63 തളിർ-ഗ്രീൻ ഔട്ട് ലെറ്റുകളും, 47 സസ്യ ഔട്ട് ലൈറ്റുകളും, 2 തളിർ സൂപ്പർമാർക്കറ്റുകളും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ